**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**
**(A Statutory Institution constituted by Government of Kerala)**
**RE-ACCREDITED BY NAAC WITH 'A+' GRADE**
ERNAKULAM, KERALA – 683 574
Phone : 0484-2463380
e-mail : reg@ssus.ac.in
**വിദ്യാർത്ഥി സേവന വിഭാഗം**

---

**"Life Cycle Project" – കാലടി മുഖ്യകേന്ദ്രത്തിൽ വിദ്യാർത്ഥികൾക്കായുള്ള സൈക്കിൾ വിതരണം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ (ഫയൽ നം. SSC/15030/SSUS/2022)**

1. 1)Day Scholar/ഹോസ്റ്റൽ അന്തേവാസികളായ വിദ്യാർത്ഥികൾ സൈക്കിൾ അനുവദിച്ച് കിട്ടുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ അതാത് വകുപ്പ് മേധാവിയുടെ ശിപാർശയോടെ ഡി.എസ്.എസ് ന് സമർപ്പിക്കേണ്ടതാണ്.
   2)സൈക്കിൾ ലഭിക്കുന്നതിന് വിദ്യാർത്ഥികൾ അപേക്ഷയിലും ഡിക്ലറേഷൻ ഉൾപ്പെടുത്തിയ നിയമാവലിക്ക താഴെയും നിർബന്ധമായും ഒപ്പിടേണ്ടതാണ്.
   3)അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡിന്റെ attested copy സമർപ്പിക്കേണ്ടതാണ്.
   4) അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ വിദ്യാർത്ഥി ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഡി.എസ്.എസ് ഉറപ്പ് വരുത്തേണ്ടതാണ്.
   5) സൈക്കിളുകളുടെ allotment അതാത് ദിവസത്തെ ലഭ്യതയനുസരിച്ച് മാത്രമായിരിക്കും.

2. സൈക്കിൾ കൈപ്പറ്റിയ ശേഷമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ തുക ബന്ധപ്പെട്ട വിദ്യാർത്ഥിയിൽ നിന്നും ഈടാക്കുന്നതാണ്.
3. അതാത് ദിവസം ലഭ്യമായ സൈക്കിളുകളുടെ 40% ഹോസ്റ്റൽ അന്തേവാസികൾക്കുള്ളതാണ്.
4. വിദ്യാർത്ഥികൾ സൈക്കിൾ കൈവശം വയ്ക്കേണ്ട സമയം താഴെ നിശ്ചയിച്ച പ്രകാരമാണ്.

| | |
|---|---|
| ഡേ സ്കോളർ | രാവിലെ 9 മുതൽ വൈകിട്ട് 5 വരെ |
| ഹോസ്റ്റൽ അന്തേവാസികൾ | 48 മണിക്കൂർ (തുടർച്ചയായി 2 ദിവസം വരെ) |

5. സൈക്കിൾ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, സൈക്കിൾ അനുവദിച്ച ശേഷം തിരികെ നൽകുന്നതിൽ, വീഴ്ച വരുത്തുന്ന വിദ്യാർത്ഥികളിൽ നിന്നും താഴെ വിവരിക്കും വിധം പിഴ ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | കാലതാമസം (മണിക്കൂറിൽ) | ഈടാക്കേണ്ട പിഴ | |
|---|---|---|---|
| | | മുൻപ് നിശ്ചയിച്ച നിരക്ക് | ഇപ്പോഴത്തെ പുതുക്കിയ നിരക്ക് |
| 1. | ഒരു മണിക്കൂർ വരെ | 10 രൂപ | 5 രൂപ |
| 2. | 1 മുതൽ 3 മണിക്കൂർ വരെ | 20 രൂപ | 10 രൂപ |

| | | | |
|---|---|---|---|
| 3. | 3 മുതൽ 6 മണിക്കൂർ വരെ | 30 രൂപ | 15 രൂപ |
| 4. | 6 മുതൽ 9 മണിക്കൂർ വരെ | 40 രൂപ | 20 രൂപ |
| 5. | 9 മുതൽ 12 മണിക്കൂർ വരെ | 50 രൂപ | 25 രൂപ |
| 6. | 12 മണിക്കൂറിനു മുകളിൽ | 100 രൂപ | 50 രൂപ |

തുടർന്നു വരുന്ന അധിക മണിക്കൂറുകൾക്ക് (12 മണിക്കൂർ വരെ) 50 രൂപ നിരക്കിൽ പിഴ ഒടുക്കേണ്ടതാണ്.

6. അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡിന്റെ attested copy സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ വിദ്യാർത്ഥി ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഡി.എസ്.എസ് ഉറപ്പുവരുത്തേണ്ടതാണ്.
7. സൈക്കിൾ കൈപ്പറ്റിയ ശേഷമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ തുക ബന്ധപ്പെട്ട വിദ്യാർത്ഥിയിൽ നിന്നും ഈടാക്കുന്നതാണ്.
8. ആകെയുള്ള 50 സൈക്കിളുകളുടെ 40% ഹോസ്റ്റൽ അന്തേവാസികൾക്കായി നീക്കിവയ്ക്കേണ്ടതാണ്.
9. സൈക്കിൾ വിതരണവും, അതോടനുബന്ധിച്ചുള്ള ചെറിയ അറ്റകുറ്റപ്പണികളും ഡി.എസ്.എസ് ന്റെ അനുവാദത്തോടെ പരിഹരിക്കുന്നതിന് സെക്യൂരിറ്റി ഓഫീസറെ ചുമതലപ്പെടുത്തുന്നു. ആയതിന്റെ ചെലവ് ........................................ .
10. സൈക്കിൾ പരിപാലനത്തോടനുബന്ധിച്ച് spare parts മാറ്റുന്നത് ഉൾപ്പെടെയുള്ള Major repair വർക്കുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യങ്ങളിൽ, AMC പരിശോധിച്ച് സൈക്കിളുകളുടെ അറ്റകുറ്റപ്പണികൾ എസ്റ്റേറ്റ് വിഭാഗം വഴി നടത്തേണ്ടതാണ്.
11. വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന പിഴ തുക സെക്യൂരിറ്റി ഓഫീസറുടെ ശിപാർശയോടെ അതാതു ദിവസം തന്നെ സർവകലാശാല ക്യാഷ് കൗണ്ടറിൽ ഒടുക്കേണ്ടതും, രശീത് സെക്യൂരിറ്റി ഓഫീസറുടെ ശിപാർശയോടെ ഡി.എസ്.എസ് ന് കൈമാറേണ്ടതുമാണ്.
12. സർവകലാശാല മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് വിദ്യാർത്ഥികൾ സൈക്കിൾ പുറത്തേയ്ക്കു കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്ക് യാതൊരു കാരണവശാലും തുടർന്ന് സൈക്കിൾ അനുവദിക്കുന്നതല്ല. സൈക്കിൾ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ അത് സുരക്ഷിതമായി തിരിച്ചേൽപ്പിക്കേണ്ടതാണ്.

ഒപ്പ്

**രജിസ്ട്രാർ**